പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2264 23-03-2012 ന് മറുപടിക്ക്

## ചെമ്മണാമ്പതി-തേക്കടി റോഡുനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളത്തേക്ക് പോകുന്നതിന് നിലവിൽ തമിഴ് നാടിനെ ആശ്രയിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) നെന്മാറ മണ്ഡലത്തിലെ പറമ്പിക്കുളത്തേക്ക് പോകുന്നതിന് നിലവിലുള്ള വഴി തമിഴ് നാട്ടിൽ കൂടിയാണ്. |
| ബി) തമിഴ് നാടിനെ ആശ്രയിക്കാതെ പറമ്പിക്കുളത്തേക്ക് പോകുന്നതിന് മുതലമട പഞ്ചായത്തിലെ ചെമ്മണാമ്പതി-തേക്കടി റോഡിന്റെ പണി പൂർത്തീകരിച്ചാൽ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ചെമ്മണാമ്പതി-തേക്കടി എന്നൊരു റോഡ് ഇപ്പോൾ നിലവിലില്ല. ആ ഭാഗത്ത് റോഡ് പുതുതായി നിർമ്മിക്കാൻ സാധിച്ചാൽ പറമ്പിക്കുളത്തേക്ക് കേരളത്തിലൂടെ തന്നെ പോകാൻ സാധിക്കും. |
| സി) എങ്കിൽ ആദിവാസി വനാവകാശ നിയമപ്രകാരം ചെമ്മണാമ്പതി-തേക്കടി റോഡിന്റെ പ്രവൃത്തി അടിയന്തിരമായി ഉണ്ടാകുന്ന കാര്യം ആലോചിക്കുമോ ? | സി) മേൽപ്പറഞ്ഞ റോഡിന്റെ നിർമ്മാണത്തിന് ഒരു ഹെക്ടറിൽ കൂടുതൽ വനഭൂമി വേണ്ടിവരും എന്നുള്ളതിനാൽ ആയതിന് കേന്ദ്രാനുമതി ആവശ്യമാണ്. കൂടാതെ ടൈഗർ റിസർവ്വായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശത്തേക്ക് റോഡു നിർമ്മിക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതുമുണ്ട്. |

സെക്ഷൻ ഓഫീസർ